**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം.**

(ഹാജർ: ഡി. രാജീവ് IOFS.)

വിഷയം: എക്സൈസ് ഭരണപരം - പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.പി. സുധീറിന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ പ്രൊമോഷൻ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ജി.ഒ.(ആർ.റ്റി) നമ്പർ 337/2017/ടിഡി, തീയതി 27-04-2017.
2. എക്സൈസ് കമ്മീഷണറുടെ 21-06-2017-ലെ XD3-29422/17 നമ്പർ ഉത്തരവ്
3. എക്സൈസ് കമ്മീഷണറുടെ 8-10-2018-ലെ XD3-76310/2018 നമ്പർ ഉത്തരവ് (കേരള ഗസറ്റ് നമ്പർ 43, തീയതി 30-10-2018)
4. ജി.ഒ.(ആർ.റ്റി) നമ്പർ 319/2019/ടാക്സസ്, തീയതി 10-05-2019
5. പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 01-06-2019, 28-06-2019 തീയതികളിലെ പി1-208/2019 നമ്പർ കത്തുകൾ.

**ഉത്തരവ് നമ്പർ എക്സ് ഡി3-61038/2018, തീയതി. 18-07-2019**

വേലന്താവളം എക്സൈസ് ചെക്ക്പോസ്റ്റിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ 17410/- രൂപ കണ്ടെത്തിയതിനെ തുടർന്ന് പ്രിവന്റീവ് ഓഫീസറായ ശ്രീ. കെ.പി. സുധീർ മുതൽ പേർക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും ആയത് ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട്, പരാമർശം (1) പ്രകാരം അവസാനിപ്പിച്ച് ഉത്തരവായിരുന്നതുമാണ്. ടിയാന്റെ ശിക്ഷാകാലയളവായി രുന്നതിനാൽ പരാമർശം (2) പ്രകാരമുള്ള ഉദ്യോഗക്കയറ്റത്തിന് ടിയാന്റെ പേര് പരിഗ ണിച്ചിരുന്നില്ല. ആയതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 112/18-ലെ 6-4-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.പി. സുധീറിന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷൻ നൽകുവാൻ പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2. ശ്രീ. കെ.പി. സുധീറിന്റെ പ്രിവന്റീവ് ഓഫീസർ കേഡറിലെ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുകയും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്കാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുള്ളതായും പരാമർശം (5) പ്രകാരം പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടു ണ്ട്. ശ്രീ. കെ.പി. സുധീർ, പ്രിവന്റീവ് ഓഫീസറുടെ 01-07-2003 മുതൽ 31-12-2008 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 494 ആയി ഉൾപ്പെട്ടിട്ടുണ്ട്. ടിയാന്റെ തൊട്ട് ജൂനിയറായ ശ്രീ. ബാലഗോപാലൻ. എസ് (ക്രമ നമ്പർ 495) 01-06-2017 അഡൈൻമെന്റ് തീയതിയിലാണ് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ പ്രൊമോഷനായിട്ടുള്ളത്.

3. മേൽ സാഹചര്യത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ. കെ.പി. സുധീറിനെ 01-06-2017 പ്രാബല്യത്തിൽ KS & SSR പാർട്ട്-II ചട്ടം 28(a) യുടെ അടിസ്ഥാനത്തിൽ 29200-62400 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നോഷണൽ ആയി പ്രൊമോഷൻ നൽകി കോതമംഗലം എക്സൈസ് റേഞ്ച് ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

4. ശ്രീ. കെ.പി. സുധീറിന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ ചുമതല ഏൽക്കുന്നതുമുതൽ മാത്രമേ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്നും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
**അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)**

**ഗ്രാഹകൻ**

ശ്രീ. കെ.പി. സുധീർ,
പ്രിവന്റീവ് ഓഫീസർ (സ്പെഷ്യൽ ഡ്യൂട്ടി)
KSBC FL9 വെയർഹൗസ്,
കോഴിക്കോട്
(കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖേന)

പകർപ്പ്.

1. ജോയിന്റ് എക്സൈസ് കമ്മീഷണർ, ഉത്തര മേഖല, കോഴിക്കോട്
2. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പാലക്കാട്, കോഴിക്കോട്, എറണാകുളം
3. **ഉത്തരവ് ഫയൽ /കരുതൽ ഫയൽ**

അംഗീകാരത്തോടെ,

സൂപ്രണ്ട്

SN/20-7